നം.ഇ.എക്സ്.എ3/5600/2019/സിജിഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 13/12/2019.

# <u>സർക്കുലർ</u>

വിഷയം:- പൊ.വി. - കെ.ജി.റ്റി. (കോമേഴ്സ് ഗ്രൂപ്പ്) പരീക്ഷ ജൂൺ 2019 - മാർക്കുകളുടെ റീ കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കെ.ജി.റ്റി. (കോമേഴ്സ് ഗ്രൂപ്പ്) പരീക്ഷ ജൂൺ 2019 -ന്റെ 15/05/2019 തീയതിയിലെ ഇ.എക്സ്.എച്ച്6/5418/2019/സിജിഇ. നമ്പർ പ്രകാരമുള്ള പരീക്ഷാ വിജ്ഞാപനം.

……..

സൂചന പ്രകാരം നടത്തിയ കെ.ജി.റ്റി (കോമേഴ്സ് ഗ്രൂപ്പ്) പരീക്ഷയുടെ ഫലം 13/12/2019 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിയറി പേപ്പറുകൾക്ക് പരാജയപ്പെട്ട പരീക്ഷാർത്ഥികൾക്ക് ഓരോ പേപ്പറിനും 50/- രൂപ ക്രമത്തിൽ ട്രഷറി ചെലാൻ മുഖേന ഫീസ് ഒടുക്കി (Head of Account 0202-01-102-92-Other Receipts) മാർക്കുകളുടെ റീകൗണ്ടിംഗിന് നിശ്ചിത ഫാറത്തിൽ **സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12** എന്ന വിലാസത്തിൽ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത് **'കെ.ജി.റ്റി.ഇ പരീക്ഷ** ജൂൺ 2019 - **റീകൗണ്ടിംഗിനുള്ള അപേക്ഷ'** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. പരീക്ഷാ പേപ്പറിൽ ഉത്തരങ്ങൾക്ക് നൽകിയ മാർക്കുകൾ കൂട്ടിയതിലോ, എടുത്തെഴുതിയതിലോ ഉള്ളതെറ്റ്, ഏതെങ്കിലും ഉത്തരത്തിന് മാർക്ക് രേഖപ്പെടുത്താതെ വന്നകാര്യം എന്നിവ മാത്രമേ റീകൗണ്ടിംഗിൽ പരിശോധിക്കുകയുള്ളൂ. ഉത്തരക്കടലാസുകൾ യാതൊരു കാരണവശാലും പുനർമൂല്യനിർണ്ണയത്തിന് വിധേയമാക്കുന്നതല്ല. അപേക്ഷകൾ 23/12/2019 തിങ്കളാഴ്ച വൈകുന്നേരം 5 മണിവരെ പരീക്ഷാഭവനിൽ സ്വീകരിക്കുന്നതാണ്.

പരീക്ഷാ വിജ്ഞാപനത്തിൽ അനുബന്ധം (1) ആയി കാണിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ മാത്രമാണ് റീകൗണ്ടിംഗിന് വേണ്ടി അപേക്ഷ അയയ്ക്കേണ്ടത്. ഈ നിർദ്ദിഷ്ട ഫാറത്തിൽ ലഭിക്കാത്തതും, ഫീസ് ഒടുക്കാത്തതും, പൂർണ്ണമായി വിവരങ്ങൾ രേഖപ്പെടുത്താത്തതും, തെറ്റായ പരീക്ഷാ വിവരങ്ങൾ രേഖപ്പെടുത്തിയതും, നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്തതുമായ അപേക്ഷകൾ മറ്റൊരു അറിയിപ്പു കൂടാതെ തന്നെ ഈ ഓഫീസ് നിരസിക്കുന്നതാണ്.

**സെക്രട്ടറി**

1. സിസ്റ്റം മാനേജർ (പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നിർദ്ദേശം നൽകുന്നു.
2. സൂപ്രണ്ട്, എച്ച് സെക്ഷൻ.
3. ഓഫീസ് കോപ്പി.